**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** 19-01-2021 - ൽ മറുപടിയ്ക്ക്

**കെ-സ്വിഫ്റ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി- യെ വിഭജിച്ച്കൊണ്ട് കെ.സ്വിഫ്റ്റ് എന്ന പേരിൽ ഒരു ഗതാഗത കമ്പനി രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 310 CNG ബസുകളും, 50 ഇലക്ട്രിക് ബസുകളും വാങ്ങുന്നതിനും, 400 ഡീസൽ ബസുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി. "കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തിരം ദീർഘദൂര ബസുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി 10 വർഷത്തിനുശേഷം കെ.എസ്.ആർ.ടി.സി.യിൽ ലയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൻകീഴിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കിഫ്ബിയുടെ ധനസഹായത്താൽ 310 CNG ബസുകളും, 50 ഇലക്ട്രിക് ബസുകളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണനയിലാണ്. |
| (സി) | ഇപ്പോൾ തന്നെ നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി- യെ രക്ഷപ്പെടുത്തുന്നതിന് പകരം കെ-സ്വിഫ്റ്റ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കുന്നത് കെ.എസ്.ആർ.ടി.സി- യുടെ തകർച്ചക്ക് ആക്കം | (സി) | പ്രാഥമികമായി കിഫ്ബിയുടെ നിബന്ധനകൾ പാലിക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യെ ഇന്നത്തെ അവസ്ഥയിൽ നിന്നും കര കയറ്റുകയെന്ന ലക്ഷ്യം കൂടി സ്വിഫ്റ്റ് രൂപീകരിക്കുന്നതിന് പിന്നിലുണ്ട്. |

| | | | |
|---|---|---|---|
| | കൂട്ടം എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ